പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3628 25.06.2013 ൽ മറുപടിക്ക്

## തീവണ്ടി ബോഗികൾ റിഷയർ ചെയ്യുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ:<br>" തോമസ് ചാണ്ടി: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | ദക്ഷിണ റെയിൽവേയുടെ തിരുവനന്തപുരം ഡിവിഷനിൽ ഓടുന്ന തീവണ്ടികളുടെ ബോഗികൾ റിഷയർ ചെയ്യുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; | (എ) | ബോഗികളുടെ പീരിയോഡിക് ഓവർ ഹോളിംഗിനായി സംസ്ഥാനത്ത് സൗകര്യം ലഭ്യമല്ല. എന്നാൽ ഇന്റർമീഡിയറ്റ് ഓവർഹോളിംഗിന് സൗകര്യം തിരുവനന്തപുരം, നാഗർകോവിൽ, എറണാകുളം എന്നിവിടങ്ങളിൽ ലഭ്യമാണ്. |
| (ബി) | സുഗമമായ റെയിൽവേ യാത്രയ്ക്കായി തീവണ്ടികളുടെ എത്ര ശതമാനം ബോഗികളാണ് തിരുവനന്തപുരം ഡിവിഷനിൽ കരുതലായി സൂക്ഷിക്കേണ്ടത്; അത്രയും ബോഗികൾ നേടിയെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | റയിൽവേയുടെ മാനദണ്ഡങ്ങൾ പ്രകാരം നോൺ എ.സി കോച്ചുകൾ 8.5% വും എ.സി കോച്ചുകൾ 10% വുമാണ് Maintenance Spare ആയി വേണ്ടുന്നത്. അതനുസരിച്ച് ആവശ്യമായ എണ്ണം കോച്ചുകൾ തിരുവനന്തപുരം ഡിവിഷനിൽ ലഭ്യമാണ്. |
| (സി) | റിഷയറിംഗിന് വേണ്ടി തൃശ്ശിനാപ്പള്ളിയിലേയ്ക്ക് കൊണ്ടുപോകുന്ന ബോഗികൾക്ക് പകരമായി ലഭിക്കുന്നത് കാലപ്പഴക്കം ചെന്നതും ദ്രവിച്ചതുമായ ബോഗികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട് |
| (ഡി) | ഇക്കാര്യത്തിൽ നടത്തുന്ന തിരിമറികൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം നേടുന്നതിന് എന്തു ശ്രമമാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇക്കാര്യം റയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തി, സംസ്ഥാനത്ത് നിന്നും റിഷയറിന് നല്കുന്ന കോച്ചുകൾ തന്നെ മടക്കി നല്കണമെന്ന് ആവശ്യപ്പെടുകയും ആയത് അംഗീകരിച്ച് ഇപ്പോൾ റിഷയറിംഗിനായി നല്കുന്ന കോച്ചുകൾ തന്നെ മടക്കി ലഭിച്ചും തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ